പത്രക്കുറിപ്പ്
21-3-2017

## കുടുംബശ്രീ സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്കിൽ ഒഴിവുകൾ: വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷന്റെ കീഴിൽ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്കിലേക്ക് കരാർ അടിസ്ഥാനത്തിലുള്ള വിവിധ ഒഴിവുകളിലേക്ക് യോഗ്യരായ വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഒരു വർഷത്തേക്കാണ് നിയമനം. താൽപര്യവും യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള വനിതാ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. സ്നേഹിത-ജെൻഡർ ഹെൽപ് പ്രവർത്തിക്കുന്ന ജില്ലകളിൽ നിലവിലുള്ള ഒഴിവുകളിലേക്കും ഒപ്പം പുതുതായി പ്രവർത്തനം ആരംഭിക്കുന്ന ജില്ലകളിലെ മുഴുവൻ ഒഴിവുകളിലേക്കുമാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്.

വിശദമായ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം അപേക്ഷകൾ പി.ബി നമ്പർ.436, തൈക്കാട് പി.ഒ, തിരുവനന്തപുരം 695014 എന്ന വിലാസത്തിൽ അയയ്ക്കണം. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 31. 03.2017. അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കും കുടുംബശ്രീ വെബ്സൈറ്റ് (www.kudumbashree.org) സന്ദർശിക്കുക. കുടുംബശ്രീ ജില്ലാ-സംസ്ഥാന മിഷൻ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്കുകളിൽ ഓഫീസ് അസിസ്റ്റന്റ്, സെക്യൂരിറ്റി, കെയർ ടേക്കർ എന്നീ തസ്തികകളിലേക്കും യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. കുടുംബശ്രീ കുടുംബാംഗങ്ങളായ വനിതകൾക്ക് അപേക്ഷിക്കാം. കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കാണ് നിയമനം. വിശദമായ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം നിശ്ചിത ഫോർമാറ്റിൽ അതത് ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അല്ലാത്തവ സ്വീകരിക്കുന്നതല്ല. അപേക്ഷാ ഫോമിനും വിശദവിവരങ്ങൾക്കും കുടുംബശ്രീ വെബ്സൈറ്റ് www.kudumbashree.org സന്ദർശിക്കുക.

എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷൻ

**പത്രക്കുറിപ്പ്**
**21.03.2017**

## കുടുംബശ്രീയിൽ കമ്മ്യൂണിറ്റി ഓർഗനൈസർമാർ: അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന പദ്ധതിയുടെ ഭാഗമായി നഗരപ്രദേശങ്ങളിൽ വിവിധ പദ്ധതി പ്രവർത്തനങ്ങൾ ഫീൽഡ്തലത്തിൽ നടപ്പാക്കുന്നതിന് കമ്മ്യൂണിറ്റി ഓർഗനൈസർമാരെ നിയമിക്കുന്നു. ഇതിനായി യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

എഴുത്തുപരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും നിയമനം. അപേക്ഷകർ കുടുംബശ്രീ കുടുംബാംഗങ്ങളായ വനിതകളും അതത് നഗരസഭാപരിധിക്കുള്ളിൽ താമസിക്കുന്നവരുമായിരിക്കണം. ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിലായിരിക്കും നിയമനം. പ്രായപരിധി 40 വയസ്. അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കും കുടുംബശ്രീ വെബ്സൈറ്റ് www.kudumbashree.org സന്ദർശിക്കുക. പൂരിപ്പിച്ച അപേക്ഷകൾ അതത് ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ മേൽവിലാസത്തിൽ തപാലിലും നേരിട്ടും നൽകാവുന്നതാണ്. ജില്ലാമിഷൻ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 31.03.2017.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

പത്രക്കുറിപ്പ്
21-3-2017

## കുടുംബശ്രീ സി.ഡി.എസുകളിൽ അക്കൗണ്ടന്റ് ഒഴിവ്

തിരുവനന്തപുരം: തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ നിലവിൽ ഒഴിവുള്ള സി.ഡി.എസുകളിൽ അക്കൗണ്ടന്റായി തിരഞ്ഞെടുക്കുന്നതിന് കുടുംബശ്രീ സി.ഡി.എസുകൾക്ക് കീഴിലുള്ള അയൽക്കൂട്ട കുടുംബാംഗങ്ങളിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു. പുരുഷൻമാർക്കും അപേക്ഷിക്കാം.

എഴുത്തുപരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് നിയമനം. അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബി.കോം ബിരുദവും ടാലിയുമാണ് അടിസ്ഥാന യോഗ്യത. അക്കൗണ്ടിങ്ങിൽ രണ്ടു വർഷത്തെ പ്രവൃത്തി പരിചയവും എം.എസ് ഓഫീസ്, ഇന്റർനെറ്റ് ആപ്ലിക്കേഷൻസ് എന്നിവയിൽ പരിജ്ഞാനവും നിർബന്ധമാണ്. കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കാണ് നിയമനം. പ്രായപരിധി 20-35. കുടുംബശ്രീ സി.ഡി.എസുകളിൽ അക്കൗണ്ടന്റായി പ്രവർത്തിച്ചിട്ടുള്ളവർക്ക് വീണ്ടും അപേക്ഷിക്കുന്നതിന് പ്രായപരിധിയില്ല.

യോഗ്യരായ ഉദ്യോഗാർത്ഥികൾ നിർദ്ദിഷ്ട അപേക്ഷാഫോമിൽ യോഗ്യത, പ്രായം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. പൂരിപ്പിച്ച അപേക്ഷകൾ അതത് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കണം. കവറിനു പുറത്ത് കുടുംബശ്രീ സി.ഡി.എസ് അക്കൗണ്ടന്റ് അപേക്ഷ എന്നു രേഖപ്പെടുത്തിയിരിക്കണം. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ ആറ്. 2017 ഏപ്രിൽ 20നാണ് എഴുത്തു പരീക്ഷ. പത്തു മുതൽ ഹാൾ ടിക്കറ്റ് കുടുംബശ്രീ വെബ്സൈറ്റിൽ ലഭ്യമാകും.

അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കും കുടുംബശ്രീ വെബ്സൈറ്റ് സന്ദർശിക്കുക.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ